**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 126** **20-06-2024 - ൽ മറുപടിയ്ക്ക്**

**കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിനും അതു വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിളയാധിഷ്ഠിത സമീപനത്തിൽ നിന്നും പ്രസ്തുത പദ്ധതി വ്യത്യാസപ്പെട്ടിരിക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ; | (ബി) | കാർഷികോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുന്നതിനും അത് വഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന പദ്ധതിക്ക് രൂപം നൽകിയത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വർക്കിംഗ് ഗ്രൂപ്പുകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ, 2022-23 ൽ ആരംഭിച്ച കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന സമീപനം 2024-25 ലും നടപ്പിലാക്കുന്നുണ്ട്. വിളയധിഷ്ഠിത സമീപനത്തിൽ നിന്നു മാറി കൃഷിയിടാധിഷ്ഠിത ആസൂത്രണത്തിലൂടെ സംയോജിത ബഹുവിള കൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റം സാദ്ധ്യമാക്കുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായ രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലും സംസ്ഥാനത്തിന്റെ ഉല്പാദന സമ്പദ്ഘടനയിൽ ഗണ്യമായ സംഭാവന നൽകുന്നതിനും ലക്ഷ്യമിടുന്നു. ഈ സമീപനത്തിൽ ഉൾപ്പെടുത്തേണ്ട ഘടകങ്ങളെ ശാസ്ത്രീയമായി തിരഞ്ഞെടുക്കുന്നതിലും കാർഷിക ആവാസവ്യവസ്ഥായൂണിറ്റധിഷ്ഠിത കാർഷിക പരിപാലന മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഊന്നൽ നൽകുന്നതാണ്. വീടും മറ്റു കെട്ടിടങ്ങളും ഒഴികെ കുറഞ്ഞത് പത്തു സെന്റും, പരമാവധി ഇരുനൂറ് സെന്റും വിസ്തൃതിയുള്ള കൃഷിയിട യൂണിറ്റുകളായിരിക്കും |

| | | | |
|---|---|---|---|
| | | | ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക. സംയോജിത കൃഷി സമ്പ്രദായ മാതൃകകളും, നെല്ല്, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നീ വിളകൾ അടിസ്ഥാനമാക്കിയുള്ള വിള സമ്പ്രദായങ്ങളിലുമായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുക. അനുയോജ്യമായ രീതിയിലുള്ള വിളകളുടെ മിശ്രണവും കന്നുകാലി, മത്സ്യബന്ധനം മറ്റു കാർഷിക അനുബന്ധ പ്രവർത്തനങ്ങൾ എന്നിവ സംയോജിപ്പിച്ചുകൊണ്ടും കൃഷി ഓഫീസർ ബ്ലോക്കുതല കൃഷി വിജ്ഞാനകേന്ദ്രങ്ങളുമായി ചേർന്ന് തയ്യാറാക്കുന്ന ഫാം പ്ലാൻ, ഓരോ തുണ്ടു ഭൂമിയിൽ നിന്നും പരമാവധി വരുമാനം ലഭിക്കുന്ന തരത്തിലായിരിക്കും തയ്യാറാക്കപ്പെടുന്നത്. |
| (സി) | പ്രസ്തുത പദ്ധതി ഉല്പാദന, വരുമാന വർദ്ധനവിന് എത്രത്തോളം സഹായകരമാണ്; വിശദാംശം നൽകുമോ; | (സി) | കർഷകരുടെ എല്ലാ വിഭവങ്ങളും സംയോജിപ്പിച്ച മികച്ച ആസൂത്രണത്തിലൂടെ കാർഷിക പാരിസ്ഥിതിക യൂണിറ്റിന്റെ അടിസ്ഥാനത്തിൽ സാധ്യമായ വിവിധ വിളകൾ കൃഷിചെയ്തും വിടവുകൾ നികത്തിയും സംരംഭങ്ങൾ നടപ്പിലാക്കിയും ഉയർന്ന വരുമാനം ഉറപ്പാക്കുന്ന സമീപനമാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണം. വിള അധിഷ്ഠിത ആസൂത്രണത്തിൽ നിന്നും വിഭിന്നമായി കർഷകന്റെ കൃഷിയിടം ആസൂത്രണത്തിന്റെ പ്രധാന ഘടകമായി കണക്കിലെടുക്കുന്നു. അതിനാൽ കർഷകന് / കർഷക കൂട്ടായ്മക്ക് തന്റെ കൃഷിയിടത്തിൽ സാധ്യമായ എല്ലാ ഉല്പാദന പ്രക്രിയയും ശാസ്ത്രീയമായി ചെയ്യാൻ സാധിക്കുന്നു. അത് വഴി ലാഭം വർധിപ്പിക്കാനും സാധിക്കും. ഇതിനായി കൃഷി ഓഫീസർമാരും വിവിധ കാർഷിക വിദഗ്ധരും സഹായിക്കുന്നതായിരിക്കും. മറ്റു പദ്ധതികളിൽ നിന്നും കർഷകന്റെ നിർണ്ണായകമായ ആവശ്യങ്ങൾ നേരിട്ട് നിറവേറ്റാൻ പറ്റാത്ത പക്ഷം ഈ പദ്ധതി വഴി അത്തരം സേവനങ്ങൾ വിവിധ ഏജൻസികൾ മുഖാന്തിരം കർഷകന് ലഭ്യമാക്കുന്നു.. ഒരു കൃഷിയിടത്തിന്റെ മൊത്തം വിളയിടാധിഷ്ഠിത കാർഷിക പ്രവർത്തനങ്ങളുടെ ഒരു മുൻകൂർ രേഖ" എന്നാണ് 'ഫാം പ്ലാൻ' എന്നതുകൊണ്ട് നിർവചിച്ചിരിക്കുന്നത്. ഒരു ഉത്തമ ഫാം പ്ലാനിൽ കൃഷിയിടത്തിലെ എല്ലാ വിഭവങ്ങളെയും സാധ്യതകളെയും ഉപയോഗപ്പെടുത്തിക്കൊണ്ടും പരിമിതികളെ ഉൾക്കൊണ്ട് കൊണ്ടും ഉല്പാദന വർധനവിലൂടെ പരമാവധി ലാഭം ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ശാസ്ത്രീയമായ ഉൽപ്പാദന വിപണന പ്ലാൻ തയ്യാറാക്കുകയും സംയോജിത കൃഷിരീതി നടപ്പിലാക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിലൂടെ ഫാം പ്ലാൻ പദ്ധതിയിലൂടെ കർഷകരുടെ വരുമാന വർദ്ധനവ് സാദ്ധ്യമാകുന്നു. |
| (ഡി) | പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവകലാശാലകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണം ഉപയോഗപ്പെടുത്തുന്നുണ്ടോ; പ്രസ്തുത സമീപനത്തിൽ കാർഷിക അനുബന്ധ മേഖലകളുടെ പിന്തുണ ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ , സർവകലാശാലകൾ കാർഷിക അനുബന്ധ മേഖലകൾ എന്നിവയുടെ പിന്തുണ ഉറപ്പ് വരുത്തുന്നുണ്ട്. കൃഷിവകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശമനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ചാണ് ഗുണഭോക്താക്കളെ/ കൃഷിയിടങ്ങളെ തെരഞ്ഞെടുക്കുന്നത്. കൃഷിയിടയൂണിറ്റുകൾ കണ്ടെത്തുമ്പോൾ തദ്ദേശസ്വയംഭരണസ്ഥാപന പദ്ധതികളും സംസ്ഥാനപദ്ധതികളുമായി സംയോജിപ്പിച്ചു പ്രവർത്തനങ്ങൾ നടത്തി കൃഷിയിടത്തിന്റെ സമഗ്ര വികസനം കൊണ്ടു വരുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ചു കർശനമായ മൂല്യനിർണ്ണയ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നുമുണ്ട്.<br><br>കൃഷിയിടാസൂത്രണാധിഷ്ഠിത വികസന പദ്ധതി പ്രകാരം പുതിയ കൃഷിയിടങ്ങൾ തയ്യാറാക്കുന്നതിനായി ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന കാർഷിക വിജ്ഞാന കേന്ദ്രങ്ങളിലൂടെ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരുടെ സാങ്കേതിക സഹായം സ്വീകരിക്കുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാല അംഗീകരിച്ച് പ്രസിദ്ധീകരിച്ചതും ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതുമായ ഉല്പാദന പ്രോട്ടോക്കോൾ അടിസ്ഥാനമാക്കിയാണ് കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന രേഖകൾ തയ്യാറാക്കുന്നത്. ഈ സമീപനത്തിൽ കാർഷിക അനുബന്ധമേഖലകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നിവയും ഉൾപ്പെടും. വികസിപ്പിച്ചെടുത്ത കൃഷിയിടാധിഷ്ഠിത ആസൂത്രണ വികസന രേഖ കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വകുപ്പുകളുമായി പങ്കിടുന്നുണ്ട്. കൂടാതെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യം തയ്യാറാക്കുന്നതിന് വ്യവസായ വകുപ്പിന്റെ സഹായവും, വായ്പ വിപണി സൗകര്യം, വികസനത്തിനായി സഹകരണ വകുപ്പിന്റെ പങ്കാളിത്തവും ഉപയോഗപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ